**No.CEE/1800/B.Tech (LE)-2020/TA2**

**കേരള സർക്കാർ**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

## <u>ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സ് പ്രവേശനം– 2020</u>

## <u>ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ്</u>

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ 2020–21 അധ്യയന വർഷത്തെ ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സിൽ നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള മോപ് അപ് അലോട്ട്മെന്റ് നടപടികൾ **2020 നവംബർ 24 ന്** ആരംഭിക്കുന്നു. ഒഴിവുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ ഓൺലൈൻ (മോപ്–അപ്) അലോട്ട്മെന്റിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രോസ്പെക്ടസ് ക്ലോസ് 4 പ്രകാരമുള്ള യോഗ്യത നേടിയിട്ടുള്ളതുമായ എല്ലാ വിദ്യാർത്ഥികൾക്കും പങ്കെടുക്കാം **മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിക്കുകയും അനുവദിച്ച കോളേജുകളിൽ പ്രവേശനം നേടുകയും ചെയ്ത വിദ്യാർത്ഥികൾ മോപ് അപ് അലോട്ട്മെന്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യുകയും അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ അവരുടെ നിലവിലെ പ്രവേശനം റദ്ദാകുന്നതാണ്.** ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് മാറ്റം ലഭിക്കുന്നപക്ഷം പുതുതായി ഒഴിവുവരുന്ന സീറ്റുകളും ഈ അലോട്ട്മെന്റിൽ തന്നെ നികത്തപ്പെടുന്നതിനാൽ വിദ്യാർത്ഥികൾ പ്രവേശനം നേടാൻ താത്പര്യമുള്ള എല്ലാ കോഴ്സ്/കോളേജിലേയ്ക്കും ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

| | |
|---|---|
| **24.11.2020** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| **26.11.2020, 12.00 pm** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **27.11.2020** | മോപ് അപ് അലോട്ട്മെന്റ് |
| **30.11.2020, 4.00 മണി വരെ** | കോളേജിൽ പ്രവേശനം നേടുവാനുള്ള അവസാന തീയതി |

**മോപ് അപ് അലോട്ട്മെന്റിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ നിർബന്ധമാണ്.** മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'B.Tech (Lateral Entry) 2020 - Candidate Portal'**എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **24.11.2020** മുതൽ **26.11.2020 ഉച്ചയ്ക്ക് 12.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

പ്രോസ്പെക്ടസിലെ **Annexure B** യിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഏതു ബ്രാഞ്ചിൽ **Diploma/D.voc** പാസ്സായ അർഹരായ വിദ്യാർത്ഥികൾക്കും **Information Technology (IT), Printing Technology(PT)** എന്നീ കോഴ്സുകളിലേക്ക് ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്.

കേന്ദ്രീകൃത മോപ് അപ് അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റും മറ്റ് സർട്ടിഫിക്കറ്റുകളും ബന്ധപ്പെട്ട കോളേജ് അധികാരികൾ നൽകേണ്ടതാണ്. മോപ് അപ് ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതായ ഫീസ് ഓൺലൈനായോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖേനയോ ഒടുക്കിയ ശേഷം അലോട്ട്മെന്റ് മെമ്മോ/മുൻ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അസ്സൽ രേഖകളുമായി **30.11.2020** വൈകുന്നേരം **4.00** ന് മുമ്പായി ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ബാക്കി ട്യൂഷൻഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ), മറ്റ് ഫീസുകൾ ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും G.O.(MS)No.25/2005/SCSTDD തീയതി 20.06.2005, എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ശ്രീചിത്രാഹോം/നിർഭയഹോം/ജുവനൈൽഹോം അന്തേവാസികൾ എന്നിവർ ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് **30.11.2020 വൈകുന്നേരം 5** മണിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

<u>**കുറിപ്പ്:**</u> എഞ്ചിനീയറിംഗ് കോളേജുകളിൽ ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സുകളിൽ 30.11.2020 **വൈകുന്നേരം 4** മണിയ്ക്ക് ശേഷം ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ ബന്ധപ്പെട്ട കോളേജ് അധികൃതർക്ക് 05.12.2020 **വൈകുന്നേരം** 5 ന് മുമ്പായി സ്പോട്ട് അഡ്മിഷൻ മുഖേന നികത്താവുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**24.11.2020**